ഉത്തരം

(എ) 2000 സെപ്റ്റംബർ മുതൽ 2001 ജനുവരി വരെയുള്ള മാസങ്ങളിൽ കെ.എസ്.ആർ.ടി.സി. ട്രഷറിയിൽ അടച്ച തുക

	2000 സെപ്റ്റംബർ	38,54,92,078 രൂപ
	2000 ഒക്ടോബർ	39,58,54,544 രൂപ
	2000 നവംബർ	38,08,60,102 രൂപ
	2000 ഡിസംബർ	40,73,24,417 രൂപ
	2001 ജനുവരി	45,95,03,241 രൂപ
(ബി)	9 - 2000	35,60,50,000 രൂപ
	10 - 2000	31,04,68,000 രൂപ
	11 - 2000	34,41,55,000 രൂപ
	12 - 2000	36,00,00,000 രൂപ
	1 - 2001	39,63,86,000 രൂപ

(സി) 4,73,14,000 രൂപ

(ഡി) ഉണ്ട്.

(ഇ) വരുമാനം കുറഞ്ഞ ചില ട്രിപ്പുകൾ തൽക്കാലത്തേക്ക് നിർത്തി വച്ചിട്ടുണ്ട്. ഇത് താൽക്കാലികമായ നടപടി ആയതിനാൽ കൃത്യമായ കണക്കുകൾ എടുത്തിട്ടില്ല.

കെ.എസ്.ആർ.ടി.സി. നേരിടുന്ന സാമ്പത്തിക പ്രതിസന്ധി

19 (1570) ശ്രീ. ഇ. റ്റി. മുഹമ്മദ് ബഷീർ :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. സാമ്പത്തിക പ്രതിസന്ധി നേരിട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ;

(സി) കെ.എസ്.ആർ.ടി.സി. യുടെ വരുമാനത്തിൽ നിന്നും വായ്പ അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ഡി) കെ.എസ്.ആർ.ടി.സി. ഫണ്ടിൽ നിന്നും സംസ്ഥാന സർക്കാർ വായ്പ എടുത്തിട്ടുണ്ടോ ; എങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കെ.എസ്.ആർ.ടി.സി. യുടെ പ്രതിമാസ വരവ് 50 കോടി രൂപയും ചെലവ് 60 കോടി രൂപയുമാണ്. ഡീസൽ, സ്പെയർ പാർട്ട്സ് എന്നീ ഇനങ്ങളിൽ കൂടെകൂടെയുണ്ടാകുന്ന വില വർദ്ധനവുമൂലവും ശമ്പളപരിഷ്ക്കരണം മൂലവുമാണ് അധിക ചെലവ് ഉണ്ടാകുന്നത്. യാത്രാക്കൂലിയിൽ മാറ്റം വരുത്താത്ത സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി. സാമ്പത്തിക ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്.

(സി) ഇല്ല.

(ഡി) ഇല്ല.

ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ പുതിയ ഡിപ്പോകൾ

20 (1572) ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാൻസ്പോർട്ട് കോർപ്പറേഷൻ പുതിയ ഡിപ്പോകളും ബസ് ഡിപ്പോകളും തുറക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ ജില്ല തിരിച്ചുള്ള വിവരം വ്യക്തമാക്കുമോ ;

(സി) ഇതിനുവേണ്ടി എന്തു ചെലവ് പ്രതീക്ഷിക്കുന്നു ;

(ഡി) ഈ ഡിപ്പോകൾ എന്നത്തേക്ക് പ്രവർത്തനക്ഷമമാകുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ബസ് സ്റ്റേഷൻ പ്രവർത്തിപ്പിക്കാൻ ആവശ്യമായ സ്ഥലം ഗ്യാരേജ്, ഓഫീസ് കെട്ടിടം, മറ്റു പ്രാഥമിക സൗകര്യങ്ങൾ എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തരുന്നപക്ഷം ദേശസാൽകൃതമേഖലക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് ട്രാഫിക് സാന്ദ്രതയുള്ള സ്ഥലങ്ങളിൽ ഡിപ്പോകൾ തുടങ്ങുന്ന കാര്യം ആലോചിക്കാവുന്നതാണ്.

(സി&ഡി) തദ്ദേശ സ്ഥാപനങ്ങൾ സൗജന്യമായി സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനാൽ മൂലധനചെലവ് ഉണ്ടാകുന്നില്ല. എന്നാൽ നോൺ ഓപ്പറേറ്റിംഗ് സ്റ്റാഫിനെ നിയോഗിക്കേണ്ടി വരുന്നതിനാൽ ഏകദേശം രണ്ടരലക്ഷത്തോളം രൂപ പ്രതിമാസം ആവർത്തന ചെലവ് ഉണ്ടാകും.

കെ.എസ്.ആർ.ടി.സി. വാങ്ങിയ ബസ്സുകൾ

21 (1573) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly